**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2765 — 07.12.2018 ലെ മറുപടിയ്ക്ക്.

## <u>പട്ടാമ്പി പ്രീമെട്രിക് ഹോസ്റ്റൽ</u>

| | ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പട്ടാമ്പി മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റൽ ഉപയോഗ ശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് ഉപയോഗപ്രദമാക്കുവാനുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ പട്ടാമ്പി മണ്ഡലത്തിലെ പ്രീ-മെട്രിക് ഹോസ്റ്റലിൽ മതിയായ കുട്ടികൾ ഇല്ലാത്തതിനാൽ 19.07.2011-ന് അടച്ചു പൂട്ടുകയാണുണ്ടായത്. ഇവിടെ പ്രീ-മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികളെ ലഭ്യമല്ലാത്തതിനാൽ കെട്ടിടം വകുപ്പിന് കീഴിൽ നിലനിർത്തിക്കൊണ്ട് ഐ.റ്റി.ഐ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ഹോസ്റ്റൽ ഐ.റ്റി.ഐ ആക്കി മാറ്റുമ്പോൾ ധാരാളം നവീകരണ പ്രവർത്തനങ്ങൾ വേണ്ടി വരുമെന്നതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കുവാൻ കഴിഞ്ഞില്ല.<br>തുടർന്ന് ടി കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം പട്ടികജാതി വികസന വകുപ്പിൽ നിലനിർത്തിക്കൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് വിട്ടു നൽകുന്ന കാര്യം പരിഗണനയിലാണ്. |
| (ബി) | ഈ പ്രീമെട്രിക് ഹോസ്റ്റലിൽ ഐ.ടി.ഐ. പോളിടെക്നിക് തുടങ്ങിയ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സാധിക്കുമോ? | (ബി) | ടി കെട്ടിടം പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് വിട്ടു നൽകുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ഐ.ടി.ഐ., പോളിടെക്നിക്, തുടങ്ങിയവ ആരംഭിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ